"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റെഫർ ചെയ്ത് കൊണ്ട് ശ്രീ. സാബു ചാക്കോ ഫയൽ ചെയ്ത WP(C) നം. 5714/2020 കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 27/2/2020-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഎ)വകുപ്പ്**

**സ.ഉ.(സാധാ) നം.160/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/01/2021

---

പരാമർശം:- 1. 30.05.2019 ലെ സ.ഉ(സാധാ) നം. 1105/2019/തസ്വഭവ.
2. 12.12.2019 ലെ സ.ഉ(സാധാ) നം. 9823/2019/ധന.
3. ശ്രീ. സാബു ചാക്കോയുടെ 18.02.2020 ലെ അപേക്ഷ.
4. ശ്രീ. സാബു ചാക്കോ ഫയൽ ചെയ്ത WP(C) നം. 5714/2020- ൽ ബഹു. ഹൈക്കോടതിയുടെ 27/2/2020-ലെ വിധിന്യായം.
5. 05/03/2020-ന് സർക്കാരിൽ ലഭ്യമായ ശ്രീ. സാബു ചാക്കോയുടെ 03/03/2020, 5.7.2020, 22.7.2020, 24.7.2020 തീയതികളിലെ കത്തുകൾ.
6. സർക്കാരിന്റെ 12/3/2020, 29/06/2020, 1.7.2020, 3.7.2020, 15.7.2020 തീയതികളിലെ ഡിഎ1/89/2020/ തസ്വഭവ നമ്പർ കത്തുകൾ.
7. വെളിയനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 17/03/2020, 30/06/2020 തീയതികളിലെ നമ്പർ സി1-170/20 കത്തുകൾ.
8. പഞ്ചയാത്ത് ഡയറക്ടറുടെ 02/07/2020 ലെ PAN/7290/2020 -J6(DP) നമ്പർ കത്ത്.
9. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03/07/2020 ലെ റിപ്പോർട്ട്.
10. വെളിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02/07/2020-ലെ നമ്പർ വിഎൽ ഡി/1/20, 28/7/2020-ലെ നമ്പർ പിആർഇ/ 01/2020 കത്തുകൾ.
11. വെളിയനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 11/09/2020, 15/10/2020 തീയതികളിലെ സി1-1515/20 നം. കത്തുകൾ.

**<u>ഉത്തരവ്</u>**

വെളിയനാട് ഗ്രാമപഞ്ചായത്തിൽ പ്രളയ ബാധിത തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് ലഭിച്ച പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിനുള്ള പരാമർശം (1), (2) ഉത്തരവുകളിലെ മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് ആലപ്പുഴ ജില്ലയിൽ വെളിയനാട് ഗ്രാമപഞ്ചായത്ത് അംഗമായ ശ്രീ. സാബു ചാക്കോ പരാമർശം (3) -ലെ അപേക്ഷ പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്മേൽ ടിയാൻ ഫയൽ ചെയ്ത WP(C) നം. 5714/2020-ൽ ബഹു. ഹൈക്കോടതി പരാമർശം (4) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത വിധിന്യായത്തിൽ രണ്ടാം എതിർ കക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഈ വിഷയത്തിൽ റിപ്പോർട്ട് വാങ്ങി ആയതിന്റെ പകർപ്പ് പരാതിക്കാരന് ലഭ്യമാക്കിയ ശേഷം പരാതിക്കാരനെയും ഗ്രാമപഞ്ചായത്തിനെയും നേരിൽ കേട്ട് Ext P3 അപേക്ഷയിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉത്തരവായിരുന്നു.

2. പ്രസ്തുത വിധിന്യായമനുസിച്ച് പരാമർശം (7) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 17.3.2020-ൽ സമർപ്പിച്ച റിപ്പോർട്ട് പരാതിക്കാരന് ലഭ്യമാക്കുകയും 24/07/2020-ന് നേരിൽ കേൾക്കുകയുമുണ്ടായി. ഹിയറിംഗിൽ പരാതിക്കാരനായ ശ്രീ. സാബു ചാക്കോ (മെമ്പർ, വാർഡ് 10, വെളിയനാട് ഗ്രാമ പഞ്ചായത്ത്), ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജില്ലാ പ്ലാനിംഗ് ഓഫീസറെയും ജില്ലാ കളക്ടറെയും പ്രതിനിധീകരിച്ച് ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡയറക്ടറെ പ്രതിനിധീകരിച്ച് ജോയിന്റ് ഡയറക്ടറും പങ്കെടുത്തിരുന്നു.

3. പരാമർശം (1), (2) പ്രകാരമുള്ള പദ്ധതികൾ അല്ല വെളിയനാട് ഗ്രാമപഞ്ചായത്ത് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നതെന്നും ലഭിച്ച തുകയുടെ നീതിപൂർവ്വകമായ വിതരണത്തിലും അപാകതയുള്ളതായും മുൻഗണനക്രമവും, അർഹതാമാനദണ്ഡവും പാലിക്കപ്പെട്ടിട്ടില്ലെന്നും പൊതു അസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപണികളും (പ്രളയത്തിൽ തകർന്നതല്ല) നടപ്പാക്കാനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നതെന്നും മഹാപ്രളയം സാരമായി ബാധിച്ച വാർഡുകളെ തീർത്തും അവഗണിച്ചു കൊണ്ട് അനുവദിച്ചിട്ടുള്ള 65 ലക്ഷം രൂപ പക്ഷപാതപരമായിട്ടാണ് വീതം വെച്ചിട്ടുള്ളതെന്ന് ചൂണ്ടിക്കാണിച്ച് കൊണ്ട് 6 മെമ്പർമാർ ഒപ്പിട്ട പരാതി 22.01.2020-ൽ ആലപ്പുഴ ജില്ലാ കളക്ടർക്കും ജില്ലാ പ്ലാനിംഗ് ഓഫീസർക്കും നൽകിയിരുന്നു എങ്കിലും അടുത്ത ഡിപിസി യിൽ ഇവർ സമർപ്പിച്ച അതേ പ്രോജക്ടിന് തന്നെ അംഗീകാരം നൽകുകയാണ് ഉണ്ടായത് എന്നും ആയതിനാൽ സർക്കാർ മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ജീവനോപാധികൾ നഷ്ടപ്പെട്ടവരെ അവഗണിച്ചുകൊണ്ടുള്ള വെളിയനാട് ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിന് നൽകിയ അംഗീകാരം പിൻവലിക്കുകയും സർക്കാർ നൽകിയ മാർഗ്ഗ നിർദ്ദേശ പ്രകാരം പുതിയ പ്രോജക്റ്റ് തയ്യാറാക്കുവാൻ വെളിയനാട് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകണമെന്നുമാണ് ശ്രീ. സാബു ചാക്കോയുൾപ്പെടെ വെളിയനാട് ഗ്രാമ പഞ്ചായത്തിലെ 6 അംഗങ്ങൾ സമർപ്പിച്ച Ext P3 അപേക്ഷയിൽ അഭ്യർത്ഥിച്ചിരുന്നത്.

4. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് ഡയറക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവർ യഥാക്രമം പരാമർശം (7), (8), (9), (10), (11) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും ഹിയറിംഗ് സമയത്ത് അറിയിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ പരാതിക്കാരന്റെ Ext-P3 പരാതി സംബന്ധിച്ച് താഴെ പറയുന്ന പ്രകാരം വിശദാംശങ്ങൾ ലഭ്യമാകുകയുണ്ടായി :-

ടി വിഷയം സംബന്ധിച്ച് 31/12/2019-ൽ ചേർന്ന പഞ്ചായത്ത് യോഗതീരുമാന

പ്രകാരം ബന്ധപ്പെട്ട മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചതായും 10/01/2020-ലെ തീരുമാന പ്രകാരം വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളിൽ നിന്നും മതിയായ ധനസഹായം ജീവനോപാധി വികസനത്തിന് ലഭിച്ചിട്ടുള്ളതിനാൽ താരതമ്യേന കുറഞ്ഞ ധനസഹായം ലഭിച്ച ക്ഷീര വികസന മേഖലയിൽ ആവശ്യമായ ജീവനോപാധി പദ്ധതി ഏറ്റെടുക്കുന്നതിനും ബാക്കി തുകയ്ക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനും തീരുമാനിച്ചതായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. വെറ്റനറി സർജനും കൃഷിഓഫീസറും രേഖാമൂലം അനുവദിച്ച പദ്ധതികളുടെ വിവരം പഞ്ചായത്തിനെ അറിയിക്കുകയും മൃഗസംരക്ഷണ മേഖലയിൽ നഷ്ടമുണ്ടായവർക്കെല്ലാം നഷ്ടപരിഹാരം നൽകിയെന്ന് വെറ്റിനറി സർജൻ അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. 14/01/2020-ൽ കൂടിയ യോഗതീരുമാന പ്രകാരം ജീവനോപാധി വികസനത്തിന് ക്ഷീരമേഖലയിലുൾപ്പെടുത്തി 7,50,000/- രൂപയും പ്രളയത്തിൽ തകർന്ന പൊതു ആസ്തികളുടെ സംരക്ഷണത്തിനായി പട്ടിക ജാതി വിഭാഗത്തിലുൾപ്പെടെ 2, 8, 6, 10 എന്നീ വാർഡുകൾ ഒഴികെയുള്ള വാർഡുകളിലായി 12 റോഡുകളുടെ പദ്ധതികൾ 57,70,000/-രൂപ വകയിരുത്തി ഏറ്റെടുക്കുന്നതിന് ഭൂരിപക്ഷ അംഗങ്ങളുടെ അംഗീകാരത്തോടെ തീരുമാനിച്ചിരുന്നു. ഇതിനെതിരെ ശ്രീ. സാബു ചാക്കോ 22.1.2020-ന് ജില്ലാ കളക്ടർക്ക് നല്കിയ പരാതി ജില്ലാ ആസൂത്രണ സമിതി യോഗം 24.1.2020-ന് ചർച്ച ചെയ്യുകയും വാർഡ് അടിസ്ഥാനത്തിൽ തുക വിഭജിച്ച് ഉപയോഗിക്കാൻ പാടില്ലെന്നും പുതിയ റോഡുകളുടെ നിർമ്മാണത്തിന് ടി തുക ഉപയോഗിക്കരുതെന്നും പകരം ജീവനോപാധികൾക്കും തകർന്നുപോയ പൊതു ആസ്തികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമാണ് ഉപയോഗിക്കേണ്ടതെന്നും ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നല്കുകയുമുണ്ടായി എന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ അറിയിച്ചിരുന്നു. തുടർന്ന് വെളിയനാട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.1.2020, 31.1.2020 തീയതികളിൽ കൂടിയ ഭരണ സമിതി തീരുമാനങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുനർസമർപ്പിച്ച പ്രളയ ബാധിത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക വിഹിതം ഉപയോഗിച്ചുള്ള പുതുക്കിയ പ്രോജക്ടുകൾക്ക് 15.2.2020-ന് ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നല്കുകയാണുണ്ടായത്. വെളിയനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28/7/2020-ലെ പരാമർശം (10) പ്രകാരമുള്ള കത്തിലും വിവിധ സർക്കാർ/സർക്കാരിതര ഏജൻസികളിൽ നിന്നും മതിയായ ധനസഹായം ജീവനോപാധി വികസനത്തിന് ലഭിച്ചിട്ടുള്ളതിനാൽ താരതമ്യേന കുറഞ്ഞ ധനസഹായം ലഭിച്ച ക്ഷീര വികസന മേഖലയിൽ ആവശ്യമായ ജീവനോപാധി പദ്ധതി ഏറ്റെടുക്കുന്നതിനും ബാക്കി തുകയ്ക്ക് മാർഗ്ഗരേഖ പ്രകാരമുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനും തീരുമാനിച്ചതായും 6, 8, 10, 11, 12 എന്നീ വാർഡുകളിൽ നിലവിൽ പല വലിയ റോഡ് വർക്കുകളും നടന്നിട്ടുള്ളതാണെന്ന് വ്യക്തമാക്കുകയുണ്ടായി.

5. കൂടാതെ പ്രളയം പഞ്ചായത്തിലെ എല്ലാ വാർഡുകളെയും ബാധിച്ചിട്ടുണ്ട് എന്നും പ്രത്യേക വിഹിതം വിനിയോഗിക്കുന്നതിന് മാർഗ്ഗ രേഖയിലെ നിർദ്ദേശപ്രകാരമുള്ള അപേക്ഷ ക്ഷണിക്കൽ, ഗുണഭോക്താക്കളുടെ പട്ടികപ്പെടുത്തൽ, വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി സംയുക്ത യോഗം ചേർന്ന് പ്രോജക്റ്റ് ആശയം രൂപപ്പെടുത്തൽ, അപേക്ഷകരുടെ യോഗം വിളിച്ച് പ്രോജക്റ്റിന് രൂപം നൽകൽ എന്നിങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നും പ്രളയത്തിൽ തകർന്ന പ്രവൃത്തികൾക്ക് തുക വകയിരുത്തിയതിന് സ്വീകരിച്ച മുൻഗണനാ മാനദണ്ഡമെന്താണെന്നത് സംബന്ധിച്ച് തീരുമാനത്തിൽ വ്യക്തതയില്ല എന്നും

പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പ്രളയ ബാധിത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രത്യേക വിഹിതം വിനിയോഗിക്കുന്നത് സംബന്ധിച്ച വിഷയമായതിനാലും ആയത് സമയബന്ധിതമായി വിനിയോഗിക്കേണ്ടതുണ്ടെന്നതിനാലും ഇതിന്മേൽ അടിയന്തരമായി തീർപ്പുകല്പിക്കേണ്ടതുണ്ട് എന്ന് സർക്കാർ മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ വിവിധ പ്രോജക്ടുകൾക്ക് വെളിയനാട് ഗ്രാമപഞ്ചായത്ത് പ്രത്യേക പ്രളയ ഫണ്ട് വകയിരുത്തിയതിൽ പരാതി നിലനിൽക്കുന്നതിനാലും പക്ഷപാതപരമായിട്ട് തുക വീതിച്ചു നല്കിയതെന്ന് ഹർജിക്കാരൻ ആരോപിക്കുന്നതിനാലും കേരള പഞ്ചായത്ത് നിയമം വകുപ്പ് 191 (2) പ്രകാരം പരാമർശം (3) -ലെ Ext P3 അപേക്ഷയിന്മേൽ വിശദമായ അന്വേഷണം നടത്തി വെളിയനാട് ഗ്രാമപഞ്ചായത്തിലെ പ്രളയ അധിക സഹായമായി അനുവദിച്ച തുക വിനിയോഗം സംബന്ധിച്ച് നിയമപ്രകാരമുള്ള നടപടികൾ സംബന്ധിച്ച ശിപാർശ സർക്കാരിൽ അടിയന്തരമായി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റെഫർ ചെയ്തു കൊണ്ടും മേൽപ്രകാരം പരാമർശം (4) -ലെ ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കിക്കൊണ്ടും സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ദീപ വി**

**അണ്ടർ സെക്രട്ടറി**

ശ്രീ. സാബു ചാക്കോ, S/o ചാക്കോ, തോട്ടുങ്കൽ, കുന്നംകരി പി ഒ, ചങ്ങനാശ്ശേരി, കോട്ടയം-686102.

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം.(ഡി എ 1/89/2020/തസ്വഭവ നം സർക്കാർ ഫയലിന്റെ പകർപ്പ് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം).

പഞ്ചായത്ത് ഡയറക്ടർ.

ആലപ്പുഴ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ.

വെളിയനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്.

വെളിയനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.01.21 11:53:15 IST
Reason: Approved

സെക്ഷൻ ഓഫീസർ